LIBRARY ARCHIVES Kerala Legislative Assembly

മായി അവിടുള്ള അദ്ധ്യാപകക്ക് ശമ്പളവും കിട്ടിയിട്ടില്ല. പഠിപ്പിക്കാൻ ഇടമില്ല. പഠിക്കാൻ കുട്ടികളുമില്ല. ഇവരുടെ കാര്യം ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ? എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയുള്ള കഷ്ടപ്പാട് അവർക്കുണ്ടാകരുതെന്നു കരുതി അവരെ ഡിപ്പാർട്ടുമെൻറിൽ അബ്സോർബ് ചെയ്യാൻ നടപടി എടുത്തുവരികയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: നിലവിലുള്ള സ്കൂൾവർഷത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുമ്പോൾ സർവ്വീസിൽ ഉള്ളവരും ടെയിനിംഗ്, കഴിഞ്ഞവരുമായിട്ടുള്ള ആളുകളും ഉണ്ട്. അടുത്ത വർഷം ആകുമ്പോൾ അഞ്ചാം ക്ലാസ് നിറുത്തൽ ചെയ്യുന്നതിൻറെ ഫലമായി പല അദ്ധ്യാപകർക്കും പിരിഞ്ഞു പോകേണ്ടതായി വരും. ഈ നടപടി നടത്തുന്നതിനുമുമ്പുതന്നെ ഇങ്ങനെ പിരിഞ്ഞു പോകേണ്ടിവരുന്ന അദ്ധ്യാപകരെ സംബന്ധിച്ച ഒരു തീരുമാനം നേരത്തെ എടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: അതിനു നേരത്തെ ഉത്തരം പറഞ്ഞതാണ്.

ശ്രീ. എം. രവീന്ദ്രനാഥ്: ക്രാഫ്റ്റു നിറുത്തൽ ചെയ്യണമെന്നാണ് ഗവണ്മെൻറിൻറെ നയം. എന്നാൽ പുതുതായി നീഡിൽ വർക്കിനും ടീച്ചേഴ്സിനെ നിയമിക്കുന്നതായി കാണുന്നു. ഇതിലെ തത്വമെന്താണ്?

ശ്രീ. ആർ. ശങ്കർ: നീഡിൽ വർക്ക് ക്രാഫ്റ്റു് ആയിട്ടല്ല വച്ചിരിക്കുന്നത്. പെൺകുട്ടികൾ മാത്രമുള്ള സ്കൂളിൽ കുറച്ചു സംഗീതവും നീഡിൽവർക്കും അനുവദിക്കണമെന്നു വിചാരിക്കുന്നുണ്ട്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: കെ. ഇ. ആർ 13-ാം വകുപ്പനുസരിച്ചു് എയിഡഡ് സ്കൂൾ ഉൾപ്പടെയുള്ള പള്ളിക്കൂടങ്ങളിൽ ഇവരെ നിയോഗിക്കുന്നതിനു ഗവണ്മെൻറിനധികാരമുണ്ട്. ആ അധികാരം ഉപയോഗിക്കുവാൻ ഗവണ്മെൻറിനു എന്താണ് ഇതു വിഷമം?

ശ്രീ. ആർ. ശങ്കർ: അങ്ങനെ അധികാരമുണ്ട്. അതു പ്രയോഗിക്കാനാണ് ആലോചിച്ചുകൊണ്ടിരിക്കുന്നതു്.

## ഹരിജൻവെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകന്മാർ.

* 773. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻവെൽഫെയർ സ്കൂളുകളിൽ ജോലിചെയ്യുന്ന (കാറ്റഗറി ഫൈഡ് ടീച്ചേഴ്സിനു്) ടി. ടി. സി. യും മറ്റും പാസായിട്ടുള്ള അദ്ധ്യാപികാദ്ധ്യാപകന്മാർക്കു് ഇൻക്രിമെൻറു് കൊടുക്കാതെയിരിക്കുന്നതിനുള്ള കാരണമെന്തു്;

(ബി) ഇൻക്രിമെൻറു് കൊടുക്കാൻ ഉടനെ നടപടിയെടുക്കുമോ;

(സി) ഇൻക്രിമെൻറു് കൊടുക്കുമ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിലവിലുള്ള സമ്പ്രദായം (മുഴുവൻ സർവ്വീസും പരിഗണിച്ചു് ഇൻക്രിമെൻറു് നൽകുകയെന്നതു്) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ അദ്ധ്യാപിക അദ്ധ്യാപകന്മാർക്കും ബാധകമാക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഇൻക്രിമെൻറിനു അർഹതയുള്ള അദ്ധ്യാപകർക്കു ഇൻക്രിമെൻറു് അനുവദിച്ചു കൊടുക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർവ്വീസു് ക്രമീകരിച്ചിട്ടില്ലാത്ത അനേകം അദ്ധ്യാപകർ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലുണ്ട്. അവരുടെ സർവ്വീസു് ക്രമീകരിക്കുമ്പോൾ അവർക്കും അർഹത അനുസരിച്ചു ഇൻക്രിമെൻറു കിട്ടുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഏതു തീയതി മുതൽക്കാണു്. ഇങ്ങനെ ഇൻക്രിമെന്റു കൊടുക്കാൻ ഓർഡർ ഇഷ്യു ചെയ്യാൻ പോകുന്നതു്?

ശ്രീ. കെ. കുഞ്ഞമ്പു: ഇതിനുമുമ്പുതന്നെ പലർക്കും ഇൻക്രിമെന്റു കൊടുത്തിട്ടുണ്ടു്. ചില ഡിസ്ട്രിക്റ്റിൽ ഡിസ്ട്രിക്റ്റു വെൽഫെയർ ആഫീസറുടെ കല്പനപ്രകാരം ചില കേസുകൾക്കു ഇൻക്രിമെന്റു കൊടുത്തിട്ടുള്ളതു മെമ്പറുടെ അപേക്ഷപ്രകാരം സ്റ്റേ ചെയ്തു വച്ചിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും ടി. ടി. സിക്കു അയക്കുകയും തിരിയെ വരുമ്പോൾ അവരെ എടുക്കാതിരിക്കുകയും ചെയ്യുന്നു. ടി. ടി. സി. പാസ്സായിട്ടുവരുന്ന അദ്ധ്യാപകരെ കാലവിളംബം കൂടാതെ എടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഡിപ്പാർട്ടുമെന്റിൽ നിന്നും ടെമ്പററിയായിട്ടു നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിടുന്നുണ്ടു്. അല്ലാതുള്ള ആറുപേർ ടി. ടി സി. ക്കു പോയിട്ടുണ്ടു്. ഇതു ഡിപ്പാർട്ടുമെന്റിൽനിന്നും നേരിട്ടു അയച്ചതല്ല. അവർ സ്വമനസ്സാലെ പോയതാണു്. ഇവരെ തിരിച്ചെടുക്കുന്ന കാര്യത്തെപ്പറ്റി പബ്ലിക്കു സർവ്വീസു് കമ്മീഷനുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: പൊന്നാനി താലൂക്കിൽ ഹരിജൻ വെൽഫെയർ സ്കൂളിലെ ചില ടീച്ചേഴ്സിനു കുറെ നാളത്തെ ശമ്പളം ഇതുവരെയായിട്ടും കൊടുക്കാതിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. കെ. കുഞ്ഞമ്പു: അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: തിരിച്ചുഎടുത്തശേഷം നിയമപ്രകാരം കിട്ടാൻ അർഹതയുള്ള കഴിഞ്ഞകാലത്തെ ശമ്പളം ഇവർക്കു തിരിച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനെപ്പറ്റി പരിശോധിക്കാം.

## WRITTEN ANSWERS

### ട്രാൻസ്പോർട്ടു സ്പെഷ്യൽ സർവ്വീസുകൾ.

*774. [20] ശ്രീ. കെ. കുഞ്ഞപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽനിന്നും ഏതെല്ലാം റൂട്ടുകളിൽ സ്പെഷ്യൽ ബസ്സു് സർവ്വീസുകൾ നടത്തിയിട്ടുണ്ടു്;

(ബി) മകരവിളക്കു പ്രമാണിച്ചുള്ള ശബരിമല സ്പെഷ്യൽ സർവ്വീസിനു് എത്ര ബസ്സുകൾ ഉപയോഗിച്ചിരുന്നു;

(സി) ഈ സ്പെഷ്യൽ സർവ്വീസിനു് ബസ്സുകൾ അയക്കുന്നതിനായി സാധാരണ നടത്തിവരാറുള്ള എത്ര സർവ്വീസുകൾ നിറുത്തേണ്ടിവന്നു;

(ഡി) ഏതെല്ലാം റൂട്ടുകളിലാണു് സാധാരണ സർവ്വീസുകൾ നിറുത്തിയതു്?

(ഈ) ശബരിമല സ്പെഷ്യൽ സർവ്വീസിൽനിന്നുമുള്ള മൊത്ത വരുമാനം എത്ര രൂപയായിരുന്നു?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

LIBRARY ARCHIVES Kerala Legislative Assembly